# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2967 11/12/2014-ലെ മറുപടിക്ക്

## സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നും ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾ എത്ര വീതമെന്നും ഇതിനായി പ്രതിവർഷം എത്ര രൂപയുടെ അധിക ബാദ്ധ്യതയാണ് വേണ്ടി വരുന്നതെന്നും വ്യക്തമാക്കുമോ; | (എ)<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ എയ്ഡഡ് മേഖലയിൽ 2014-15 വരെ പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലായി 278 ബാച്ചുകളും നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ 711 അധിക ഹയർ സെക്കന്ററി ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. ബാച്ചുതിരിച്ച വിശദ വിവരം അനുബന്ധം I ആയി ചേർക്കുന്നു. 2014-15 അധ്യയന വർഷത്തിൽ അനുവദിച്ച ബാച്ചുകളിൽ വേണ്ട തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ആയതിനു ശേഷം മാത്രമേ ബാധ്യത തിട്ടപ്പെടുത്താൻ കഴിയൂ. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലസ് ടു ബാച്ചുകൾ ഏതൊക്കെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് അനുവദിച്ചതെന്നും ഓരോ സ്കൂളുകളിലും ഏതൊക്കെ വിഷയങ്ങളിലാണ് ബാച്ചുകൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച എത്ര ഹയർസെക്കന്ററി ബാച്ചുകളാണ് കോടതി നടപടികൾ മൂലം നിറുത്തലാക്കേണ്ടിവന്നതെന്നും, സ്കൂളുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | (സി) | 284 ബാച്ചുകൾ.<br>വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | ഇപ്പോൾ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകൾ കണക്കാക്കിയാൽ എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കന്ററി ബാച്ചുകൾ ഉള്ളതായി ഉറപ്പു വരുത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല |

(ഇ) പുതിയതായി അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളിൽ ഒരു പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിയ്ക്കപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വെളിപ്പെടുത്താമോ?

(ഇ) ഉണ്ട്. പഞ്ചായത്ത് തിരിച്ച വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**